പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 6351

11.07.2012-ൽ മറുപടിക്ക്

## ചേർത്തലയിലെ സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സുനാമി പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചേർത്തല അന്ധകാരനഴി ബീച്ചിൽ നടത്തിയ മോടിപിടിപ്പിക്കൽ പ്രവർത്തനങ്ങളോടൊപ്പം അന്ധകാരനഴിയിൽ നിർമ്മിച്ചിട്ടുള്ള മത്സ്യലേലഹാൾ അടക്കമുള്ള കെട്ടിടങ്ങൾ ഉപയോഗിക്കാതെ കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുനാമി പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചേർത്തല അന്ധകാരനഴി ബീച്ചിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ടൂറിസം വകുപ്പിന് വേണ്ടിയാണ് ചെയ്തിരുന്നത്. പണികൾ എല്ലാം പൂർത്തിയാക്കി 2011 ആഗസ്റ്റ് 9-ാം തീയതി ടൂറിസം വകുപ്പിന് കൈമാറ്റം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടങ്ങൾ സാമൂഹ്യ വിരുദ്ധർ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും ലേലഹാളും മറ്റ് കെട്ടിടങ്ങളും തീരദേശ വാസികൾക്കും, മത്സ്യത്തൊഴിലാളികൾക്കും, സന്ദർശകർക്കും പ്രയോജനപ്പെടുത്താവുന്ന വിധം ക്രമീകരിക്കുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | ആവശ്യമായ നടപടി സ്വീകരിക്കുവാൻ ടൂറിസം വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്. |
| (സി) | അന്ധകാരനഴി ബീച്ചിൽ സന്ദർശകരുടെയും മത്സ്യവിപണനത്തിനെത്തുന്നവരുടെയും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ